**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 590** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. ചിട്ടി കുടിശ്ശിക നിവാരണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ശ്രീ. വി. ഡി. സതീശൻ |
| ഡോ. എൻ. ജയരാജ് | (മുഖ്യമന്ത്രി) |
| ശ്രീ. പ്രമോദ് നാരായൺ | |
| ശ്രീ. ജോബ് മൈക്കിൾ | |

**(എ)** കെ.എസ്.എഫ്.ഇ. ചിട്ടികൾ മുടങ്ങിയവർക്കും ലോൺ തിരിച്ചടവിൽ മുടക്കം വന്നവർക്കും എന്തെല്ലാം ഇളവുകളാണ് നിലവിൽ നൽകുന്നത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വസ്തുജാമ്യം നൽകി 31.03.2024 ന് മുൻപ് കുടിശ്ശിക വരുത്തിയിട്ടുള്ള വർക്ക് ചിട്ടിയിൽ പലിശയിലും, ലോണുകളിൽ പിഴപലിശയിലും 30% മുതൽ 50% വരെ കുടിശ്ശിക തീയതിയെ അടിസ്ഥാനമാക്കി ഇളവ് നൽകികൊണ്ട് 08.01.2026 മുതൽ 31.03.2026 തീയതി വരെ "ഇളവ് 2026" എന്ന പേരിൽ ഒരു വൺടൈം സെറ്റിൽമെന്റ് പദ്ധതി നിലവിലുണ്ട്.

**(ബി)** കുടിശ്ശിക നിവാരണ പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള കുടിശ്ശിക നിവാരണ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയിൽ ലക്ഷ്യമിട്ട മൊത്തം പിരിവ് 2354 കോടി രൂപയാണ്. ഇതിൽ നിന്നും 08.01.2026 മുതൽ 20.01.2026 വരെ 25.94 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചു. ഇക്കാലയളവിൽ അനുവദിച്ച പലിശ ഇളവ് 5.93 കോടി രൂപയാണ്.

**(സി)** പ്രസ്തുത പദ്ധതി കാലയളവിൽ ലക്ഷ്യമിട്ട മൊത്തം പിരിവ്, പിരിച്ചെടുക്കുവാൻ സാധിച്ച തുക, അനുവദിച്ച പലിശ ഇളവ് എന്നിവ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** നിലവിലുള്ള കുടിശ്ശിക നിവാരണ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയിൽ ലക്ഷ്യമിട്ട മൊത്തം പിരിവ് 2354 കോടി രൂപയാണ്. ഇതിൽ നിന്നും 08.01.2026 മുതൽ 20.01.2026 വരെ 25.94 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചു. ഇക്കാലയളവിൽ അനുവദിച്ച പലിശ ഇളവ് 5.93 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ**